ചപ്പു ചവറുകളുടെ നിർമ്മാർജന ചുമതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അതിന് മേൽ നോട്ടം വഹിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തുന്ന മുനിസിപ്പൽ പോളിറ്റ് വേസ്റ്റ് ചട്ടങ്ങളുടെ കരട് രൂപം കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) വ്യവസായ മാലിന്യങ്ങൾ നിമിത്തം നദികൾ മലിനപ്പെടുന്നില്ലെന്നുറപ്പു വരുത്താൻ ബോർഡ് ജലനിയമപ്രകാരം നടപടികൾ എടുക്കുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിന്നുള്ള സീവേജ് സംഭരണ, സംസ്ക്കരണ നിർമ്മാർജ്ജനത്തിനുള്ള പദ്ധതി കേരള അർബൻ ഡെവലപ്പ്മെന്റ് പ്രോജക്ട് തയ്യാറാക്കി ലോകബാങ്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ധനസഹായത്തിനു ശ്രമിക്കുന്നു.

നഗങ്ങളിൽ നിന്നുള്ള ചപ്പ് ചവറുകളുടെ സംസ്ക്കരണത്തിനായി സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പദ്ധതികൾ തയ്യാറായി വരുന്നു.

(സി) പെരിയാറിൽ ആലുവ വരെയുള്ള ഭാഗങ്ങളിൽ നദീതീരത്തുള്ള മുൻസിപ്പാലിറ്റികളിൽ നിന്നുള്ള ഓടവെള്ളവും ചപ്പ് ചവറുകളും മലിനീകരണത്തിനിടയാക്കുന്നു. സീവേജ് ഏർപ്പെടുത്തുകയോ, സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചപ്പുചവറുകളുടെ സംസ്കരണം കാര്യക്ഷമമാക്കുകയും ചെയ്യുകയാണ് ഇതിന് പരിഹാരം. ആലുവ മുതൽ താഴോട്ടുള്ള നദീഭാഗങ്ങളിൽ, ഏലൂർ, ഇടവാർ പ്രദേശങ്ങളിലെ വ്യവസായങ്ങളിൽ നിന്നുള്ള പാഴ്ജലം എത്തിച്ചേരുന്നു. ഈ പ്രദേശത്തെ എല്ലാ വൻകിട ഇടത്തരം വ്യവസായശാലകളിലും മിക്കവാറും ചെറുകിട വ്യവസായ ശാലകളിലും പാഴ്ജ്യന സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാഴ്ജലസംസ്ക്കരണത്തിനുള്ള പോരായ്മകളും, നിലവിലുള്ളവ പ്രവർത്തിപ്പിക്കുന്നതിനുള്ള അപാകതകളും മലിനീകരണത്തിനിടയാകുന്നു. 1998 ജൂലൈ മാസത്തിൽ പെരിയാറിലെ മത്സ്യനാശത്തെ തുടർന്ന് ഈ പ്രദേശത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ സൈറ്റ് ഓഫീസിന് ഏലൂരിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ജല ഗുണനിലവാരം തുടർച്ചയായി മോണിട്ടർ ചെയ്യുന്നതിനും, വ്യതിയാനങ്ങൾ ഉണ്ടായാൽ മുന്നറിയിപ്പ് നൽകുന്നതിനും കഴിവുള്ള ആട്ടോമാറ്റിക് സംവിധാനം പെരിയാറിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം പെരിയാർ സംരക്ഷിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി ബോർഡ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

മാവൂരിലെ ഗ്വാളിയർ റയോൺസ്

180 (3109)ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ ഗ്വാളിയർ റയോൺസ് സ്ഥാപനം പുറത്ത് വിടുന്ന മാലിന്യത്തെക്കുറിച്ച് സെൻ ഗുപ്ത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ ശുപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) ശുപാർശകളുടെ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെൻഗുപ്ത കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻപ്രകാരം ബോർഡ് കമ്പനിയ്ക്ക് 1998 ജൂലായ് മാസം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 13.7.'99 നകം സമിതിയുടെ 28 ശുപാർശകളും പൂർണ്ണമായി നടപ്പിലാക്കണമെന്നാണ് ബോർഡിന്റെ നിർദ്ദേശം.

(സി) ശുപാർശകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചാലിയാർ പുഴയുടെ മലിനീകരണം

181 (3110)ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കൂടി ഒഴുകുന്ന ചാലിയാർ പുഴയിൽ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വിടുന്ന മാലിന്യങ്ങൾ കലർന്നിട്ടില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ബി) വിഷലിപ്തമായ ഈ ജലത്തിന്റെ പ്രധാന ഉറവിടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) മാവൂരിലെ ഗ്വാളിയർ റയോൺസിൽ നിന്നും ഒഴുക്കി വിടുന്ന മാലിന്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥാപിച്ചിട്ടുള്ള 23-ഓളം വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പാഴ്ജലം നേരിട്ടോ അല്ലാതെയോ പുഴയിലെത്തുന്നുണ്ട്. മിക്കവാറും എല്ലാ വ്യവസായ ശാലകളിലും മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാഴ്ജലം പുറന്തള്ളുന്നതിന് ജലനിയമപ്രകാരം ബോർഡ് വ്യവസായശാലകൾക്ക് അനുമതിപത്രം നൽകുകയും അനുമതിപത്രത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും സംസ്ക്കരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരവും ഇടയ്ക്കിടെ ബോർഡുദ്യോഗസ്ഥർ പരിശോധിക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് വ്യവസായ ശാലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

(ബി) വ്യവസായ പാഴ്ജല നിർമ്മാർജ്ജനത്തിന്റെ ഉറവിടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടിയ അളവിൽ പാഴ്ജലം ചാലിയാറിൽ നിർഗ്ഗമിപ്പിക്കുന്നത് മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസിൽ നിന്നാണ്.

(സി) ഉണ്ട്.

(ഡി) 1999 ഏപ്രിൽ 30-നും, മേയ് 4-നും ഗ്രാസിം ഇൻഡസ്ട്രീസിൽ നിന്നൊഴുകുന്ന പാഴ്ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിന്റെ

† അനുബന്ധം - XVIII

LIBRARY ARCHIVES Kerala Legislative Assembly

67.	"	Vythiri	129	Wayanad (5)
68.	"	Thariode	40	
69.	"	Meenangadi	16	
70.	"	Periya	10	
71.	"	Pulpally	26	
72.	"	Mayyil	34	Kannur(5)
73.	"	Panoor	58	
74.	"	Pinarayi	30	
75.	"	Iriveri	30	
76.	"	Iritty	12	
77.	"	Nileswaram	42	Kasaragod
78.	"	Panthady	35	
79.	"	Kumbla	14	
80.	"	Thrikkaripur	--	
81.	"	Wandoor	--	Malappuram

അനുബന്ധം - XVIII

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 180(3109)-ന്റെ 'സി' ഉത്തരം ദയവായി കാണുക)

1. സൾഫർ ഡയോക്സൈഡിനെ സൾഫർ ട്രയോക്സൈഡാക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

2. സൾഫ്യൂരിക് ആസിഡ് പ്ലാന്റിലെ സ്ക്രബ്ബറിന്റെ രൂപഘടന മെച്ചപ്പെടുത്തുക.

3. സൾഫർ ഡയോക്സൈഡ് തുടർച്ചയായി അളക്കാനുള്ള സംവിധാനം സൾഫ്യൂരിക് ആസിഡ് പ്ലാന്റിൽ സ്ഥാപിക്കുക.

4. മേൽപ്പറഞ്ഞ സംവിധാനവും ആസിഡ് ഉൽപ്പാദനവും പരസ്പരം ബന്ധിപ്പിക്കുക.

5. സ്റ്റാപ്പിൾ ഫൈബർ നിർമ്മാണ മെഷീനുകളുടെ അടപ്പുകൾ കഴിയുന്നത്ര അടച്ചു സൂക്ഷിക്കുക.

6. പ്രസ്തുത മെഷീനുകളിലെ ട്രയോ, ഐഡിൽ റോളറുകൾക്കും കട്ടറുകൾക്കും മേൽമൂടി നൽകി കാർബൺ ഡൈ സൾഫൈഡ് വാതകം വലിച്ചെടുത്തു മെച്ചപ്പെടുത്തുക.

7. മേൽപ്പറഞ്ഞ ഭാഗങ്ങളിലും സ്പിയറ്റ്സിലും നിന്നുള്ള വായു വലിച്ചെടുക്കൽ തോത് സമതുലനപ്പെടുത്തി വായു നിർഗ്ഗമനം ഏകരൂപമാക്കുക.

8. സ്പിൻ ബാത്തിന്റെ മേൽ ടാങ്കിലും കീഴ് ടാങ്കിലും കെമിക്കലുകൾ ചേർക്കാനുള്ള ദ്വാരങ്ങൾക്ക് അടപ്പുകൾ വെയ്ക്കുക.

9. ഒരു ടൺ ഫൈബറുണ്ടാക്കുമ്പോൾ കാർബൺ ഡൈ സൾഫൈഡിന്റെ വമനം 75 കിലോഗ്രാമിലും ഹൈഡ്രജൻ സൾഫൈഡിന്റെ വമനം 3 കിലോഗ്രാമിലും കൂടാതിരിക്കുക.

10. കാർബൺ ഡൈ സൾഫൈഡിന്റെ വമനത്തിനുള്ള പുകക്കുഴലിന്റെ ഇഫക്ടീവ് ഉയരം (H) കുറഞ്ഞത് $H=11Q^{0.41}$ ആക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഒരു മണിക്കൂറിൽ എത്ര കിലോഗ്രാം കാർബൺ ഡൈ സൾഫൈഡ് വമിക്കുന്നു എന്നതാണ് Q കൊണ്ട് ഉദ്ദേശിക്കുന്നത്.

11. ക്ലാസ് സൾഫർ റിക്കവറി പ്ലാന്റിന്റെ കാര്യക്ഷമത 99.5 ശതമാനത്തിൽ കുറയാതിരിക്കുക.

12. മേൽപ്പറഞ്ഞ പ്ലാന്റിൽ കാർബൺ ഡൈ സൾഫൈഡിന്റെയും ഹൈഡ്രജൻ സൾഫൈഡിന്റെയും വമനം തുടർച്ചയായി അളക്കാനുള്ള ആട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തുക.

13. '10' ൽ പറഞ്ഞ ഫോർമുല പ്രകാരം ക്ലാസ് സൾഫർ റിക്കവറി പ്ലാന്റിലെ പുകക്കുഴലിന്റെ ഉയരം കൂട്ടുക.

14. സോഡാ റിക്കവറി പ്ലാന്റിൽ നിന്നുള്ള പൊടിയുടെ അളവ് ഘനമീറ്ററിൽ 150 മില്ലിഗ്രാമും ഹൈഡ്രജൻ സൾഫൈഡിന്റെ അളവ് 10 മില്ലിഗ്രാമും കഴിയാത്ത വിധം പാഴ്വായു നിർഗമന നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുക.

15. കുമ്മായച്ചൂളയിൽ നിന്നുള്ള കാർബൺ മോണോക്സൈഡും സൾഫർ ഡയോക്സൈഡും അളന്ന് ബോർഡിന് റിപ്പോർട്ട് ചെയ്യുക.

16. സ്റ്റാപ്പിൾ ഫൈബർ ഡിവിഷനിലെ ബോയ്ലറുകളിൽ വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഘടിപ്പിക്കുക.

17. ക്ലീൻ പൾപ്പിംഗ് രീതി അവലംബിച്ച് ടോട്ടൽ ഓർഗാനിക് ക്ലോറിന്റെ അളവ് കുറയ്ക്കുക.

18. കെമിക്കൽ ഓക്സിജൻ ഡിമാന്റിന്റെ കാര്യത്തിൽ ഒരു ലിറ്റർ പാഴ്ജലത്തിൽ 350 മില്ലിഗ്രാം എന്ന പരിധി കവിയാതിരിക്കുക.

19. പാഴ്ജലത്തിന്റെ നിറം അകറ്റുന്നതിനും ആ പാഴ് വസ്തുക്കൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും തദ്ദേശീയ സാങ്കേതിക വിദ്യ ഉപയോഗിക്കുക. അല്ലെങ്കിൽ പാഴ്ജലം ആഴക്കടലിലേയ്ക്ക് കൊണ്ടു കളയുക.

20. പാഴ്ജല സംസ്കരണ പ്ലാന്റിന്റെ ഓരോ ഘടകത്തിന്റെയും മൊത്തത്തിലുള്ളതിന്റെയും കാര്യക്ഷമത നിരീക്ഷിക്കുക.

21. ലഗൂണുകളിലും ടാങ്കുകളിലും അടിഞ്ഞിരിക്കുന്ന ഖരമാലിന്യങ്ങൾ മാറ്റുക.

22. പാഴ്ജല സംസ്കരണ പ്ലാന്റിലെ ന്യൂട്രിയന്റ്, എം.എൽ.എസ്.എസ്. തുടങ്ങിയ ഘടകങ്ങൾ വേണ്ട അളവിൽ നിലനിർത്തുക.

23. ഖരമാലിന്യങ്ങൾ ഹസാർഡ്സ് വേസ്റ്റ് റൂൾസ് അനുസരിച്ച് നിർമ്മാർജ്ജനം ചെയ്യുക.

24, വായുവിന്റെ ഗുണനിലവാരം തുടർച്ചയായി അളക്കുന്നതിനുള്ള ഉപകരണം വാഴക്കാട് സ്ഥാപിക്കുക.

25. വായുവിന്റെയും പാഴ്വായുവിന്റെയും ഗുണനിലവാരം അളക്കുന്ന സമയക്രമം മെച്ചപ്പെടുത്തുക.

26. ജീവനക്കാർക്ക് ആരോഗ്യ പരിശോധന നടത്തുക.

27. സമീപഗ്രാമങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തുക.

28. ജീവനക്കാരുടെയും സമീപവാസികളുടെയും ആരോഗ്യ നിലവാരം അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓക്കുപ്പേഷണൽ ഹെൽത്ത് മുഖേന വിലയിരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly